**1026**

1 ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം
പരത്തിലേക്കുയരും നാൾ വരുമല്ലോ
വിശുദ്ധന്മാരുയിർക്കും പറന്നുയരും വേഗം
വന്നിടും കാന്തന്റെ മുഖം കാണ്മാൻ

വാനസേനയുമായ് വരും പ്രിയൻ
വാനമേഘേ വരുമല്ലോ
വരവേറ്റം സമീപമായ് ഒരുങ്ങുക സഹജരേ
സ്വർഗ്ഗീയ മണാളനെ എതിരേൽപ്പാൻ-

2 അവർ തന്റെ ജനം താൻ അവരോടുകൂടെ
വസിക്കും കണ്ണീരെല്ലാം തുടച്ചിടും നാൾ
മൃത്യുവും ദുഃഖവും മുറവിളിയും നിന്ദ
കഷ്ടതയുമിനി തീ    ുകില്ല-

3 കൊടുങ്കാറ്റലറിവന്നു കടലിളകിടിലും
കടലലകളിലെന്നെ കൈവിടാത്തവൻ
കരം തന്നു സൂക്ഷിച്ചരുമയായി തന്റെ
വരവിൻ പ്രത്യാശയോടെ നടത്തിടുമേ-

4 തൻ കൃപകളെന്നുമോർത്തു പാടിടും ഞാൻ
തന്റെ മുഖശോഭ നോക്കി ഓടിടും ഞാൻ
പെറ്റ തള്ള തൻകുഞ്ഞിനെ മറന്നിടിലും എന്നെ
മറക്കാത്ത മന്നവൻ മാറാത്തവൻ-